പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 253 29-10-2026-ൽ മറുപടിയ്ക്ക്

ടൂറിസം മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. പ്രേമൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. കെ. വി. സുമേഷ്

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. സി. വിഷ്ണുനാഥ്

(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

(എ) നിലവിലെ സർക്കാരിന്റെ ആദ്യ നൂറുദിന കർമ്മപരിപാടിയിൽ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യപ്പെട്ട ടൂറിസം പദ്ധതികളിൽ ഭൂരിഭാഗവും മുൻ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ചവയാണെന്നുള്ള വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ഇല്ല. ഈ സർക്കാരിന്റെ 100 ദിന പദ്ധതിയിൽ ഉൾപ്പെടുത്തിയ നൂതന പദ്ധതികൾ താഴെപ്പറയുന്നവയാണ് .

1. കേരള ടൂറിസം സംരഭകത്വ പ്രോത്സാഹന പദ്ധതി
2. ഗ്രീൻ മാർഷൻ, സ്മാർട്ട് ടൂറിസ്റ്റ് അമിനിറ്റി പദ്ധതി
3. ബ്രാൻഡ് വയനാട്
4. മുസിരിസ് ആഗോള പൈതൃക ടൂറിസം പദ്ധതി
5. ലൈഫ് എക്സ്പീരിയൻസ് ടെയിൽസ് പദ്ധതി .

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉദ്ഘാടനം ചെയ്യപ്പെട്ട പുറത്തൂർ പടിഞ്ഞാറേക്കര സൺസെറ്റ് ബീച്ച് പാർക്ക് ടൂറിസം പദ്ധതി പുതിയ സർക്കാരിന്റെ നൂറുദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി വീണ്ടും ഉദ്ഘാടനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

മറുപടി: പടിഞ്ഞാറേക്കര സൺസെറ്റ് ബീച്ച് പാർക്ക് ടൂറിസം പദ്ധതി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകാത്തതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ശേഷിച്ച പ്രവൃത്തികൾ പൂർത്തിയാക്കി 08.10.2026 - ന് പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. എന്നിരുന്നാലും ടി പദ്ധതി സർക്കാരിന്റെ നൂറുദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) 2021 ഫെബ്രുവരി 15-ന് മുൻ സർക്കാർ രണ്ട് കോടി രൂപ ചെലവിൽ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ച് ഡി.ടി.പി.സി-യുടെ മേൽനോട്ടത്തിൽ പൂർത്തീകരിച്ച ഒരു പദ്ധതി നിലവിലെ സർക്കാർ സ്വന്തം നേട്ടമായി ഉയർത്തിക്കാണിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) ഈ സർക്കാർ ടൂറിസം മേഖലയിൽ രൂപരേഖ തയ്യാറാക്കി ആരംഭിച്ച പുതിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

<u>മറുപടി:</u> കേരള സർക്കാർ ടൂറിസം മേഖലയുടെ വികസനത്തിനായി ദീർഘകാല പദ്ധതികളും പുതിയ സംരഭങ്ങളും നടപ്പിലാക്കുവാൻ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ **<u>അനുബന്ധമായി</u>** ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ ടൂറിസം മേഖലയുടെ വികസനത്തിനായി ദീർഘകാല പദ്ധതികളും പുതിയ സംരംഭങ്ങളും നടപ്പാക്കുവാൻ നയപരമായ തീരുമാനം എടുത്തിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ചുവടെച്ചേർക്കുന്നു.

- 2026-27 പുതുക്കിയ ബജറ്റിൽ ടൂറിസം മേഖലയ്ക്ക് 325.36 കോടി രൂപ അനുവദിച്ചു.
- ടൂറിസം മേഖലയിൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും സംരഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള ടൂറിസം സംരഭകത്വ പ്രോത്സാഹന പാക്കേജ് /ഇൻസെന്റീവ് നയം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിപാലനം ഉറപ്പാക്കുന്നതിനും കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെ കൂടുതൽ ശുചിത്വമുള്ളതും സുരക്ഷിതവും പരിസ്ഥിതി ഉത്തരവാദിത്തമുള്ളതുമായ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ഗ്രീൻ മാർഷൽ പദ്ധതിയും സ്മാർട്ട് ടൂറിസ്റ്റ് അമിനിറ്റി പദ്ധതിയും നടപ്പിലാക്കി വരുന്നു.
- കേരളത്തിലെ ഗ്രാമീണ ജീവതം തനത് ഭക്ഷ്യസംസ്കാരം, കരകൗശല പാരമ്പര്യം, കാർഷിക പ്രവർത്തനം, പ്രകൃതി അധിഷ്ഠിത /ജലാധിഷ്ഠിത അനുഭവങ്ങൾ, തദ്ദേശീയ കലാ-സാംസ്കാരിക പൈതൃകം എന്നിവ സന്ദർശകർക്ക് നേരിട്ട് അനുഭവിയ്ക്കാനുള്ള അവസരം ഒരുക്കുന്ന രീതിയിൽ ലൈഫ് എക്സ്പീരിയൻസ് ടെയിൽസ് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- ഇക്കോ-ടൂറിസം, ജൈവവൈവിധ്യ ടൂറിസം, ഫാം ടൂറിസം, അഗ്രി-ടൂറിസം, ഗ്രാമീണ അനുഭവ ടൂറിസം എന്നിവയ്ക്ക് കൂടുതൽ ഊന്നൽ നൽകിയാണ് സർക്കാർ പ്രവർത്തിക്കുന്നത്.
- കേരളത്തിന്റെ പൈതൃകവും സംസ്കാരവും കോർത്തിണക്കി കൊണ്ടുള്ള പദ്ധതികളാണ് ടൂറിസം മേഖലയിൽ സഞ്ചാരികളെ ആകർഷിക്കുവാനായി വിഭാവനം ചെയ്തിട്ടുള്ളത് . 'ബ്രാൻഡ് വയനാട്' പദ്ധതിയും അഷ്ടമുടി ടൂറിസവും പ്രോത് സാഹിപ്പിക്കും. ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ, മാരിടൈം ടൂറിസം, പൈതൃക സംരക്ഷണം എന്നിവയിലും ശ്രദ്ധ ചെലുത്തുന്നു.
- അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പുതിയതും പ്രധാനപ്പെട്ടവയുമായ 100 ടൂറിസ്റ്റ് കേന്ദ്രങ്ങൾ വികസിപ്പിക്കുവാൻ ലക്ഷ്യമിടുന്നു.
- വെൽനസ്, ആയുർവേദം, അനുഭവ (experiential) ടൂറിസം എന്നിവ അന്താരാഷ്ട്ര വിപണിയിൽ അവതരിപ്പിക്കുന്നു.
- ഡെസ്റ്റിനേഷൻ വെഡ്ഡിംഗുകളുടെ കേന്ദ്രമായി കേരളത്തെ വളർത്താൻ പദ്ധതിയിടുന്നു .